**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2124** **12-09-2023 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം എന്ന പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കുമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി 113 സ്ഥലങ്ങളിൽ നടപ്പിലാക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ. ഫണ്ട്/മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് പദ്ധതിക്ക് തുക കണ്ടെത്തുന്നത്.<br><br>ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്നതിനായി പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ (SoP) പുറപ്പെടുവിക്കുന്നത് ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധിച്ചു വരുന്നു.<br><br>നിലവിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ലഭിക്കുന്ന, വിവിധയിടങ്ങളിൽ നിന്നുള്ള തുകകൾ നിക്ഷേപിക്കുന്നതിനു മാത്രമായി കായിക യുവജനകാര്യ ഡയറക്ടറുടെ പേരിൽ ഒരു പലിശ രഹിത സെപ്ഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള അനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ എം.എൽ.എ. യുടെ നിയോജകമണ്ഡല ആസ്തിവികസന ഫണ്ട് വിഹിതമായി ഉപയോഗിക്കാമെന്ന ധനകാര്യവകുപ്പിന്റെ ഉത്തരവ് കായിക വകുപ്പിന് ലഭ്യമായിട്ടുണ്ടോ; പദ്ധതിയോടനുബന്ധിച്ച് ഏതൊക്കെ സ്ഥലങ്ങളിലെ കളിക്കളങ്ങളുടെ നിർമ്മാണത്തിനായി ഭരണാനുമതി നൽകാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ എം.എൽ.എ യുടെ നിയോജകമണ്ഡല ആസ്തിവികസന ഫണ്ട്, വിഹിതമായി ഉപയോഗിക്കാമെന്ന് സ.ഉ.(അച്ചടി) നം.65/2022/ ധന. തീയതി.13.06.2022 പ്രകാരം ധനകാര്യ വകുപ്പിൽ നിന്നും ഉത്തരവായിട്ടുണ്ട്. നിലവിൽ ഭരണാനുമതി നൽകിയ പ്രവർത്തികളുടെ വിവരങ്ങൾ <u>അനുബന്ധമായി</u> ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതി എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ; വിശദമാക്കുമോ? | (സി) | ഈ പദ്ധതിയിലൂടെ വിവിധ ഘട്ടങ്ങളിലായി എല്ലാ പഞ്ചായത്തുകളിലും കളിക്കളം ഒരുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിക്കായി തെരഞ്ഞെടുക്കുന്ന |

| | | | |
|---|---|---|---|
| | | | സ്ഥലങ്ങളിൽ മറ്റ് തടസ്സങ്ങളൊന്നും ഉണ്ടാകാതിരുന്നാൽ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ. നം | പദ്ധതി | നിയമസഭാ മണ്ഡലം | ഭരണാനുമതി | |
|---|---|---|---|---|
| | | | പദ്ധതി വിഹിതം | എം.എൽ.എ ഫണ്ട്. |
| 1 | ജി.എച്ച്.എസ്.ചിറക്കര ഗ്രാമപഞ്ചായത്ത് | ചാത്തന്നൂർ | ലഭ്യമായിട്ടുണ്ട് | ലഭ്യമായിട്ടുണ്ട് |
| 2 | ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് | ഒറ്റപ്പാലം | ലഭ്യമായിട്ടുണ്ട് | ലഭ്യമായിട്ടുണ്ട് |
| 3 | കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം | പാറശ്ശാല | ലഭ്യമായിട്ടുണ്ട് | ലഭ്യമായിട്ടുണ്ട് |
| 4 | ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് ജയ്ഹിന്ദ് സ്റ്റേഡിയം | വൈപ്പിൻ | ലഭ്യമായിട്ടുണ്ട് | ലഭ്യമായിട്ടുണ്ട് |
| 5 | കരണപ്ര മിനി സ്റ്റേഡിയം, പട്ടിത്തറ ഗ്രാമപഞ്ചായത്ത് | തൃത്താല | ലഭ്യമായിട്ടുണ്ട് | ലഭ്യമായിട്ടുണ്ട് |
| 6 | ചടയമംഗലം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം | ചടയമംഗലം | ലഭ്യമായിട്ടുണ്ട് | ലഭ്യമായിട്ടുണ്ട് |
| 7 | അമ്പലപ്പുഴ തെക്ക് ഗ്രാമപഞ്ചായത്ത് ജി.എച്ച്.എസ്. | അമ്പലപ്പുഴ | ലഭ്യമായിട്ടുണ്ട് | ലഭ്യമായിട്ടുണ്ട് |
| 8 | അയ്യൻകോയിക്കൽ ജി.എച്ച്.എസ്.എസ്. തേവലക്കര ഗ്രാമപഞ്ചായത്ത് (130 lakh) | ചവറ | ലഭ്യമായിട്ടുണ്ട് | ലഭ്യമായിട്ടുണ്ട് |
| 9 | വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് ജി.ബി.എച്ച്.എസ്.എസ്. | വടക്കാഞ്ചേരി | ലഭ്യമായിട്ടുണ്ട് | ലഭ്യമായിട്ടുണ്ട് |
| 10 | സെന്റ് തോമസ് സ്കൂൾ, ആലപ്പുഴ മുനിസിപ്പാലിറ്റി | ആലപ്പുഴ | ലഭ്യമായിട്ടുണ്ട് | ലഭ്യമായിട്ടുണ്ട് |
| 11 | തണ്ണിയം സ്റ്റേഡിയം, കല്ലറ ഗ്രാമപഞ്ചായത്ത് | വാമനപുരം | ലഭ്യമായിട്ടില്ല | ലഭ്യമായിട്ടുണ്ട് |

Rajeev Pillai

**സെക്ഷൻ ഓഫീസർ**